## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2814 — 20/7/2011 ൽ മറുപടിയ്ക്ക്

### 'വനിതാ കിടാരി വളർത്തൽ യൂണിറ്റ് പദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ ;<br>ശ്രീ.എ.റ്റി ജോർജ്ജ് ;<br>ശ്രീ.എം.എ വാഹീദ് ; | ഡോ.എം.കെ.മുനീർ<br>( പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) 2010–2011 സാമ്പത്തിക വർഷത്തിൽ തിരുനന്തപുരം ജില്ലാപഞ്ചായത്തിന് 'വനിതാ കിടാരി വളർത്തൽ യൂണിറ്റ്' എന്ന പദ്ധതി ഉണ്ടായിരുന്നോ; ഏതു തീയതിയിലാണ് ഇതിന് അനുമതി നൽകിയിട്ടുള്ളതെന്നും എത്ര തുകയ്ക്ക് അനുമതി നൽകിയതെന്നും അറിയിക്കുമോ ;

(എ) ഉണ്ടായിരുന്നു.

| പദ്ധതി | അനുമതി നൽകിയ തീയതി | അനുവദിച്ച തുക |
|---|---|---|
| 1. കിടാരി വളർത്തൽ വനിതാ പദ്ധതി(എസ്.സി) | 27/5/10 | 15,00,000/– (പതിനഞ്ച് ലക്ഷം രൂപ) |
| 2. കിടാരി വളർത്തൽ വനിതാ പദ്ധതി (ജനറൽ) | 27/5/10 | 15,00,000/– (പതിനഞ്ച് ലക്ഷം രൂപ) |
| 3. കിടാരി വളർത്തൽ വനിതാ പദ്ധതി (ജനറൽ) | 28/2/11 | 51,25,000/–(അൻപത്തിയൊന്ന് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ) |

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരായിരുന്നു; പദ്ധതി തുക മുഴുവനും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാത്തതു കാരണം കിളിമാനൂർ ബ്ലോക്കിലെ ഗുണഭോക്താക്കൾക്ക് തുക നൽകാൻ കാലതാമസം വന്ന സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്താമോ;

(ബി) ക്ഷീര വികസന വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറാണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നത് പദ്ധതിയുടെ ഭൗതിക പ്രവർത്തനങ്ങളുടെ നടത്തിപ്പിന് കാലതാമസം വരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി തുക മുഴുവനും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാത്തതു കാരണം കിളിമാനൂർ ബ്ലോക്കിലെ ഗുണഭോക്താക്കൾക്ക് തുക നൽകാൻ കാലതാമസമുണ്ടായി എന്നുള്ള വിവരമോ പരാതിയോ ജില്ലാപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

(സി) തിരുവനന്തപുരം ജില്ലാപഞ്ചായത്ത് 2008–2011 വർഷങ്ങളിൽ ക്ഷീര വികസന മേഖലയിൽ നൽകിയിട്ടുള്ള പദ്ധതികളിലെ അഴിമതികളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്താമോയെന്നറിയിക്കുമോ ?

(സി) പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ